A3/93/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - തൃപ്പൂണിത്തുറ പൈതൃകപഠനകേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.285/2025/CLAD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം :- 1. പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ.

2. 22.04.2025 തീയതി ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പൈതൃക പഠനകേന്ദ്രത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തികവർഷം "2205-00-103-85 (പ്ലാൻ)" എന്ന ശീർഷകത്തിൽ 60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 22.04.2025 തീയതി ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുകയും പൈതൃകപഠനകേന്ദ്രത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 60,00,000/- രൂപയായി (അറുപത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നൽകുകയുമുണ്ടായി.

3 . ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച പൈതൃക പഠനകേന്ദ്രത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ ചുവടെച്ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് "2205-00-103-85 (പ്ലാൻ)" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60,00,000/-രൂപയിൽ (അറുപത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ശീർഷകം "2205-00-103-85 (പ്ലാൻ)"**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക ( ലക്ഷത്തിൽ) |
|---|---|---|

| | | |
|---|---|---|
| 1. | കേരളത്തിന്റെ മഹാശിലായുഗ അവശേഷിപ്പുകളുടെയും പുരാവസ്തുക്കളുടെയും പൈതൃകഘടനകളുടെയും പ്രാമാണീകരണവും ലിഖിതങ്ങളുടെ എസ്റ്റാമ്പേജ് തയ്യാറാക്കലും | 7.2 |
| 2. | പെരുമാൾ ലിഖിതങ്ങൾ (റഫറൻസ് വോള്യം) ഉൾപ്പടെ കേരളത്തിന്റെ പൈതൃകത്തെക്കുറിച്ചുള്ള പ്രസിദ്ധീകരിക്കാത്ത കൈയെഴുത്തുപ്രതികളും അപൂർവ്വ ഗ്രന്ഥങ്ങളും രേഖകളും പ്രസിദ്ധീകരിക്കൽ (അച്ചടിച്ചെലവ് ഉൾപ്പടെ) | 2.4 |
| 3. | പൈതൃകം/പൈതൃകപഠനവും സംരക്ഷണവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നത് | 4.2 |
| 4. | അക്കാദമിക്ക് കോഴ്സുകളുടെ നടത്തിപ്പും വിപുലീകരണവും സർവ്വകലാശാല അംഗീകാരം നേടിയെടുക്കലും | 4.2 |
| 5. | മാൻപാർക്ക് ഉൾപ്പടെയുള്ള ഹിൽപാലസ് മ്യൂസിയം പരിസരത്തിന്റെ പരിപാലനവും സൗന്ദര്യവൽക്കരണവും | 42 |
| | ആകെ | 60 |

4 . ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്.

i. ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.
ii. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ. ടി. പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.
iii. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.
iv. സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം, തൃപ്പൂണിത്തുറ, എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (വിദ്യാഭ്യാസ സി /പ്ലാനിംഗ് ബി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 20-05-2025 12:29:52